**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും എറണാകുളം ജില്ലാ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന സീനിയർ ക്ലാർക്ക് ശ്രീ. ഷൈജു എം.ജെ യുടെ മാതാവിന്റെ ക്യാൻസർ അസുഖത്തിന് എറണാകുളം ലേക്ഷോർ ഹോസ്പിറ്റലിൽ ചെലവായ തുക - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.1168/2014/ത.സ്വ.ഭ.വ　　　　തീയതി, തിരുവനന്തപുരം,15/05/2014.**

---

പരാമർശം:- 1) ശ്രീ. ഷൈജു എം.ജെ യുടെ 27/08/2013 ലെ അപേക്ഷ.

2) എറണാകുളം ജില്ലാ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/01/2014 ലെ ഇ/81/2013 നമ്പർ കത്ത്.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11/11/2013 ലെ MH5/82453/2013/DHS നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 18/01/2013 ലെ എഫ്2-39912/2010 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും എറണാകുളം ജില്ലാ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന . ശ്രീ. ഷൈജു എം.ജെ യുടെ മാതാവിന് എറണാകുളം ലേക്ഷോർ ഹോസ്പിറ്റലിൽ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിക്കുകയും പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,63,493/-രൂപ (രൂപ ഒരു ലക്ഷത്തി അറുപത്തി മൂന്നായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി മൂന്ന് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 1,30,794/ (രൂപ ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും എറണാകുളം ജില്ലാ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന സീനിയർ ക്ലാർക്ക് ശ്രീ. ഷൈജു എം.ജെ യുടെ മാതാവിന് എറണാകുളം ലേക്ഷോർ ഹോസ്പിറ്റലിൽ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 1,30,794/ (രൂപ ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ.ഷൈജു എം.ജെയുടെ മാതാവിന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 1,30,794/- (രൂപ ഒരു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് മാത്രം) കേരള ഷോപ്സ് ആന്റ് കമേഴ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് , തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ജില്ലാ തൊഴിലാളി ക്ഷേമനിധി ബോർഡ്.
കേരള ഷോപ്സ് ആന്റ് കമേഴ്യൽ എസ്റ്റാബ്ളിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡ് എറണാകുളം ശാഖ.
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (19/03/2014 ലെ യു.ഒ നമ്പർ 19534/WW3/14/fin പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ